# വനംവന്യജീവിവകുപ്പ്

## തെന്മലഫോറസ്റ്റ് ഡിവിഷൻ

നമ്പർ: സി.1-726/2018 തീയതി: 11.03.2019

## ദർഘാസ് പരസ്യം

കേരളാഗവർണർക്കു വേണ്ടി താഴെ വിവരിക്കുന്ന ജോലികൾ കരാറെടുത്ത് ചെയ്ത് തീർക്കുന്നതിനായി മത്സരസ്വഭാവമുള്ളതും മുദ്ര വച്ചതുമായ ദർഘാസുകൾ വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗികൃത കരാറുകാരിൽ നിന്നും 10.04.2019 തീയതി 3 മണി വരെ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക | ദർഘാസ് ഫോറത്തിന്റെവില | നിരത ദ്രവ്യം | പ്രവർത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി |
|---|---|---|---|---|---|
| 1 | ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ ഇടപ്പാളയം, തലപ്പാറ സെക്ഷനുകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മഹാഗണി, തേക്ക്, ആഞ്ഞിലി, മരുതി, മഞ്ഞകടമ്പ്, ചോരക്കാലി, മാവ് വെൺതേക്ക് എന്നീ മരങ്ങൾ മുറിച്ച് ശേഖരിച്ച് ആര്യങ്കാവ് സർക്കാർ തടി ഡിപ്പോയിൽ എത്തിക്കുന്നതിനും അപകടഭീഷണിയുയർത്തി നിൽക്കുന്ന ഈട്ടി മരങ്ങൾ മുറിച്ച് ശേഖരിച്ച് പത്തനാപുരം സർക്കാർ തടി ഡിപ്പോയിലിറക്കുന്നതിനും | 172000/- | 560/- | 4300/- | 2മാസം |

കൂടുതൽ വിവരങ്ങൾ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടേയോ ആര്യങ്കാവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടേയോ കാര്യാലയങ്ങളിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

| | |
|---|---|
| ദർഘാസ് ഫോറത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 10.04.2019 ഉച്ചയ്ക്ക് ശേഷം 1 മണി വരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 10.04.2019 ഉച്ചയ്ക്ക് ശേഷം 3 മണി വരെ |
| ദർഘാസുകൾതുറക്കുന്ന തീയതിയും സമയവും | 10.04.2019 ഉച്ചയ്ക്ക് ശേഷം 3.30 മണി വരെ |

ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽവിവരിച്ച നിബന്ധനകൾക്ക് വിധേയമായി അതേസ്ഥലത്തും അതേസമയത്തും പ്രസ്തുത ദർഘാസ് താഴെപ്പറയുന്ന തീയതിയിൽ നടത്തുന്നതായിരിക്കും.

| | |
|---|---|
| പകരം ദർഘാസ് ഫോറം നൽകുന്ന തീയതിയും സമയവും | 11.04.2019 ഉച്ചയ്ക്ക്ശേഷം 1 മണിവരെ |
| പകരം ദർഘാസുകൾ സമർപ്പിക്കേണ്ട തീയതിയും സമയവും | 11.04.2019 ഉച്ചയ്ക്ക്ശേഷം 3 മണിവരെ |
| പകരം ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും | 11.04.2019 ഉച്ചയ്ക്ക് ശേഷം 3.30 മണിവരെ |

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയായ 27.03.2019 പകൽ 3.30 ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ടെണ്ടറുകൾ തുറക്കുന്നതായിരിക്കും. ദർഘാസുകൾ കൈമാറ്റം ചെയ്യുവാൻ പാടുതല്ല. തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ പണയപ്പെടുത്തിയതും ദേശീയ/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ലഭിക്കുന്നതുമായ നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പൂർണ്ണമല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ഏതെങ്കിലും ദർഘാസുകൾ കാരണം ബോദ്ധ്യപ്പെടുത്താതെ നിരസിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. കരാറുകാരൻ നിർദ്ദിഷ്ട മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടി ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വിലമടക്കി കൊടുക്കുന്നതല്ല. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി മുറിച്ച് മാറ്റേണ്ട മരങ്ങൾ കണ്ടു ബോദ്ധ്യപ്പെടേണ്ടതാണ്. കരാറുകാരൻ ജി.എസ്.റ്റി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. വനം വകുപ്പിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ കരാർവ്യവസ്ഥകൾ ഈ ജോലികൾക്കും ബാധകമായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
തെന്മല
(കേരളഗവർണ്ണർക്ക് വേണ്ടി)

സമയം :തെന്മല
തീയതി :11.03.2019

S1